# പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2016-2019)

## എട്ടാമത് റിപ്പോർട്ട്

**[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-2014)യുടെ എട്ടാമത് റിപ്പോർട്ടിലെ (തുറമുഖങ്ങൾ സംബന്ധിച്ച പഠനം) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

(2017 ആഗസ്റ്റ് മാസം 22-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2016-2019)

## എട്ടാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-2014)യുടെ എട്ടാമത് റിപ്പോർട്ടിലെ
(തുറമുഖങ്ങൾ സംബന്ധിച്ച പഠനം) ശിപാർശകളിന്മേൽ/
നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച
നടപടികളെ സംബന്ധിച്ച്]

1296/2017.

## ഉള്ളടക്കം


| | | | | പേജ് |
|---|---|---|---|---|
| സമിതിയുടെ ഘടന | | | .. | v |
| മുഖവുര | | | .. | vii |
| അദ്ധ്യായം I | : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II | : | ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-2019)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എസ്. ശർമ്മ

<u>അംഗങ്ങൾ</u> :

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ. സി. ജോസഫ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. രാജൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. സി. കെ. ശശീന്ദ്രൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. എസ്. അനസ്, അഡീഷണൽ സെക്രട്ടറി

ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

## മുഖവുര

പതിമൂന്നാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-2014)യുടെ എട്ടാമത് റിപ്പോർട്ട് (തുറമുഖങ്ങൾ സംബന്ധിച്ച പഠനം) 14-2-2013-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 14 പൊതുശിപാർശകൾ ഉൾപ്പെടെ 20 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിൻമേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2017 ആഗസ്റ്റ് മാസം 16-ാം തീയതി കൂടിയ സമിതി യോഗം അംഗീകരിച്ചു.

എസ്. ശർമ്മ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
22 ആഗസ്റ്റ്, 2017.

# റിപ്പോർട്ട്

## അദ്ധ്യായം I

പതിമൂന്നാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-2014) യുടെ എട്ടാമത് റിപ്പോർട്ട് (തുറമുഖങ്ങൾ സംബന്ധിച്ച പഠനം) 14-2-2013-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 14 പൊതുശിപാർശകൾ ഉൾപ്പെടെ 20 ശിപാർശകളാണ് ഉണ്ടായിരുന്നത്.

റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതികൾ അവയിലെ ശിപാർശ/നിർദ്ദേശങ്ങളിൻമേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി 24-4-2013-ൽ സർക്കാരിലേക്ക് അയച്ചുകൊടുത്തു. റിപ്പോർട്ടിലെ ശിപാർശകളിൻമേൽ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃതക്കുറിപ്പുകൾ 15-10-2014, 26-11-2014, 28-1-2015, 28-5-2015, 30-9-2015, 7-9-2016, 16-8-2017 എന്നീ തീയതികളിൽ കൂടിയ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. കൂടാതെ താഴെ പറയുന്ന ശിപാർശ കൂടി സർക്കാരിന് നൽകുന്നതിന് സമിതി തീരുമാനിച്ചു :

മത്സ്യബന്ധനത്തിലേർപ്പെടുന്ന തൊഴിലാളികൾ അപകടത്തിൽപ്പെടുമ്പോൾ ബോട്ടുകൾ വാടകയ്ക്കെടുത്ത് രക്ഷാപ്രവർത്തനം നടത്തുന്ന രീതിയിൽ മാറ്റം വരുത്തണമെന്നും ഇക്കാര്യത്തിൽ ഘട്ടംഘട്ടമായി സ്വയംപര്യാപ്തത നേടണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സമിതിയുടെ മേൽ ശിപാർശയിന്മേൽ അനന്തര നടപടി സ്വീകരിച്ച് താമസംവിനാ മറുപടി ലഭ്യമാക്കേണ്ടതാണ്.

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-2014) യുടെ എട്ടാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ സമിതി അംഗീകരിച്ച മറുപടികളും ഈ റിപ്പോർട്ടിൽ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

### ശിപാർശ I

കരമാർഗ്ഗമുള്ള ഗതാഗതവും ചരക്കുനീക്കവും കുറച്ച് തിരക്ക് പരിമിതപ്പെടുത്തുന്നതിന്റെ ഭാഗമായി 2030 ആകുന്നതോടെ പടിപടിയായി യാത്രയും കാർഗോയും 50% ജലമാർഗ്ഗമാക്കുന്നതിന് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കി. വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ അമിതമായ വർദ്ധനവുമൂലം അനിയന്ത്രിതമായ ഗതാഗതക്കുരുക്കും പരിസര മലിനീകരണവും കൊണ്ട് പൊറുതിമുട്ടുകയാണ് കേരളം.

1296/2017.

ഈ സാഹചര്യത്തിൽ കരമാർഗ്ഗമുള്ള ഗതാഗതം പരമാവധി കറക്കുന്നതിന് തീരദേശ കപ്പൽ ഗതാഗത പദ്ധതി യാഥാർത്ഥ്യമാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അടിക്കടിയുണ്ടാകുന്ന യാത്രാക്കൂലി നിരക്ക് നിയന്ത്രിക്കുന്നതിനും അപകട സാധ്യത കുറയ്ക്കുന്നതിനും ഇതുമൂലം സാധിക്കുന്നതാണ്. ആയതിനാൽ കപ്പൽ നിർമ്മാണത്തിനും കാർഗോനീക്കം സംബന്ധിച്ച് ട്രാൻസ്പോർട്ടേഷനെ ബോധവൽക്കരിക്കുന്നതിനും, പോർട്ട് ഡ്യൂസ് ഡിസ്കൗണ്ടിനുമായി ഒരു കോസ്റ്റൽ ഷിപ്പിംഗ് പ്രൊമോഷൻ ഫണ്ട് രൂപീകരിക്കണമെന്നും തീരദേശ ഗതാഗത പദ്ധതി യാഥാർത്ഥ്യമാകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് ചരക്ക് നീക്കം ജലമാർഗ്ഗത്തിലൂടെ കൈകാര്യം ചെയ്യുന്നതിന് കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരള തീരത്തെ നോൺ മേജർ പോർട്ടുകളുമായി ബന്ധിപ്പിച്ച് ചരക്ക്-യാത്രാക്കപ്പലുകളുടെ സർവ്വീസ് നടത്തുകയാണ് കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ പ്രധാനപ്പെട്ട ഉദ്ദേശം. 2015 ഓടെ 15% ചരക്കും, 2020-ൽ 40% ചരക്കും 40% യാത്രക്കാരേയും, 2030-ഓടെ 50% ചരക്കും 50% യാത്രക്കാരേയും റോഡ്, റെയിൽ മാർഗ്ഗത്തിൽനിന്നും തീരദേശ കപ്പൽ ഗതാഗതത്തിലേക്ക് മാറ്റാനുള്ള ലക്ഷ്യം കൈവരിക്കാനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി നടത്തിപ്പിനായി കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മ പദ്ധതി അംഗീകരിച്ചിട്ടുണ്ട്. കൂടാതെ തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കടൽ മാർഗ്ഗം കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് 1 ടണ്ണിന് ഒരു കിലോമീറ്ററിന് 1 രൂപ നിരക്കിലും യാത്രാക്കാർക്ക് ഒരു കിലോമീറ്ററിന് ഒരു രൂപാ നിരക്കിലും ഇൻസെന്റീവ് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ കാലാവധി 16-1-2014-ന് അവസാനിച്ചതിനെ തുടർന്ന് ഇൻസെന്റീവിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഉദ്ഘാടനം 2013 നവംബർ 9-ാം തീയതി കൊല്ലത്ത് വച്ച് ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി.

കൊല്ലം തുറമുഖത്ത് കോസ്റ്റൽ ഷിപ്പിംഗ് പ്രോജക്റ്റ് നടപ്പിലാക്കുന്നതിലേയ്ക്കായി തെരഞ്ഞെടുക്കുകയും 9-11-2013 മുതൽ പ്രാരംഭ സർവ്വീസ് ആരംഭിയ്ക്കുകയും ചെയ്തിട്ടുണ്ട്. പാസഞ്ചർ സർവ്വീസിന്റെ ആദ്യഘട്ടം തലശ്ശേരി, കൊടുങ്ങല്ലൂർ, കൊച്ചി, ആലപ്പുഴ, വലിയതുറ തുറമുഖങ്ങളിൽ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി ചെയ്തു തീർക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ 300 കോടി രൂപ കോർപസ് ആയി കോസ്റ്റൽ ഷിപ്പിംഗ് പ്രൊമോഷൻ ഫണ്ട് രൂപീകരിക്കുകയും 3 കോടി രൂപ കോസ്റ്റൽ ഷിപ്പിംഗ് പ്രൊമോഷൻ ഫണ്ടിലേക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ 2

വർദ്ധിച്ചുവരുന്ന അപകടങ്ങൾ കണക്കിലെടുത്ത് ഹൗസ് ബോട്ടുകളുടെയും ഇൻലാന്റ് വെസ്സലുകളുടെയും സുരക്ഷാ മാനദണ്ഡങ്ങൾ പുനർനിർണ്ണയിക്കണമെന്നും ഇവയുടെ ലൈസൻസിംഗ് കർശനമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ലൈസൻസിംഗ് കർശനമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ലൈസൻസ് ഇല്ലാത്ത ബോട്ടുകളെ കണ്ടെത്താൻ തുറമുഖ ഉദ്യോഗസ്ഥർ ഇടവിട്ട് മിന്നൽ പരിശോധന നടത്താറുണ്ട്. അങ്ങനെ കണ്ടെത്തുന്ന ബോട്ടുകൾക്ക് നേരെ കർശനമായ നിയമ നടപടി സ്വീകരിക്കുന്നുണ്ട്. ഹൗസ്ബോട്ടുകളുടെ സുരക്ഷാക്രമീകരണങ്ങളെക്കുറിച്ച് പരിശോധിക്കാൻ സർക്കാർ ടൂറിസം സെക്രട്ടറി ചെയർമാനായി ഒരു ഒൻപതംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കെ.ഐ.വി. നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശിപാർശ 3

കേരളം കൂടുതൽ ജനനിബിഡവും നഗരവത്കൃതവുമായി മാറിയ സാഹചര്യത്തിൽ ജലഗതാഗതവും ജലമാർഗ്ഗമുള്ള കയറ്റിറക്കമതിയും പരമാവധി പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്തെ എല്ലാ ചെറുതുറമുഖങ്ങളും വിപുലമാക്കുന്നതിനുള്ള തുക സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തണമെന്നും ലോകത്തെ വൻകിടതുറമുഖങ്ങളുടെ പ്രവർത്തനരീതി പഠിച്ച് അവ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതാപഠനങ്ങൾ നടത്തുന്നതിന് വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തണമെന്നും ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. നിർമ്മാണ കമ്പനികളുടെ വ്യവസ്ഥകൾ, തുറമുഖം കുറഞ്ഞ കാലയളവിനുള്ളിൽത്തന്നെ സർക്കാർ ഉടമസ്ഥതയിലാക്കത്തക്ക വിധത്തിൽ മാത്രം അംഗീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, കൊടുങ്ങല്ലൂർ, പൊന്നാനി, അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൊല്ലം, ആലപ്പുഴ, അഴീക്കൽ തുറമുഖങ്ങളെ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിന് ഡിലോയിറ്റ് എന്ന കൺസൾട്ടൻസിയെ നിയമിക്കുകയും കൊല്ലം, അഴീക്കൽ തുറമുഖങ്ങളുടെ വികസനത്തിനായുള്ള ഡി. പി. ആർ. സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ തുറമുഖത്തിന്റെ ഡി. പി. ആർ. സർക്കാർ പരിശോധിച്ചുവരികയാണ്. അഴീക്കൽ തുറമുഖ വികസനത്തിനായി 5 പ്രാവശ്യം ടെൻഡർ ക്ഷണിച്ചിരുന്നുവെങ്കിലും സ്വകാര്യ സംരംഭകനെ കണ്ടെത്താനായിട്ടില്ല

പൊന്നാനി തുറമുഖം പി. പി. പി. മാതൃകയിൽ വികസിപ്പിക്കുന്നതിന് മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി ലീസ് എഗ്രിമെന്റ്, കൺസഷൻ എഗ്രിമെന്റ് എന്നിവ ഒപ്പുവച്ചു കഴിഞ്ഞു. തുറമുഖങ്ങളുടെ വികസനത്തിനുവേണ്ടി 2014-2015-ലെ ബഡ്ജറ്റിൽ 81.23 കോടി രൂപ അനുവദിച്ചിരുന്നു. 2015-2016-ൽ കൂടുതൽ തുക അനുവദിക്കുന്നതിനുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചതിൻ പ്രകാരം 100.49 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## ശിപാർശ 4

നദികൾ കൊണ്ട് സമൃദ്ധമായ കേരളത്തിൽ ഇൻലാൻഡ് വാട്ടർ വേയ്സ് കോസ്റ്റൽ ഷിപ്പിംഗുമായി യോജിപ്പിക്കുന്നതിന് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കോസ്റ്റൽ ഷിപ്പിംഗ് വേഗത്തിലാക്കുന്നതിനായി കൊല്ലം-കോട്ടപ്പുറം വാട്ടർ വേയ്സ്, വിഴിഞ്ഞം അഴീക്കൽ കോസ്റ്റൽ വേയ്സ് എന്നിവ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എൻട്രി പോയിന്റുകൾ ഇൻലാൻഡ് പോർട്ടുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തിയാക്കണമെന്നും ഇതിനായി ടൂറിസം, ജില്ലാഭരണകൂടങ്ങൾ, തദ്ദേശ സ്വയംഭരണവകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങൾ ശക്തമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

വിഴിഞ്ഞം-അഴീക്കൽ കോസ്റ്റൽ വേയ്സ് കൊല്ലം-കോട്ടപ്പുറം പാതയുമായി ബന്ധിപ്പിക്കാവുന്ന രണ്ട് പോർട്ടുകൾ കൊടുങ്ങല്ലൂരും കായംകുളത്തുമാണ്. കോസ്റ്റൽ ഷിപ്പിംഗ് വികസിപ്പിക്കുന്നതിനായി കൊടുങ്ങല്ലൂരിൽ 46 കോടി രൂപ ചെലവിൽ വാർഫ് നിർമ്മിക്കുന്നിതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. വർക്ക് ഓർഡർ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നൽകുകയും ചെയ്തിട്ടുണ്ട്. കൊടുങ്ങല്ലൂരിൽ ചാനലും ബേസിനും ഡ്രെഡ്ജ് ചെയ്യുന്നതിനായി 4 കോടി രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തി കെ. എസ്. എം. ഡി. സി.-യെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. കോട്ടയത്ത് ഇൻലാൻഡ് പോർട്ട് സ്ഥാപിച്ചിട്ടുണ്ട്.

## ശിപാർശ 5

സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ നടത്തുന്ന കോഴ്സുകളുടെ അംഗീകാരം, ലൈസൻസിംഗ് ഇവ ഫലപ്രദമാക്കുന്നതിന് ഒരു ലൈസൻസിംഗ് അതോറിറ്റി രൂപീകരിക്കണമെന്നും ഇതിനായി തുറമുഖ വകുപ്പ് വ്യക്തമായ പഠനങ്ങൾ നടത്തണമെന്നും വൻകിട തുറമുഖങ്ങൾക്കൊപ്പം മത്സ്യബന്ധന തുറമുഖങ്ങളുടെയും മാരിടൈം കോർപ്പറേഷൻ പോലുള്ള സ്ഥാപനങ്ങളുടെയും പുരോഗതിക്കാവശ്യമായ കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് പ്രവർത്തനം തുടങ്ങാൻ പോകുന്ന മാരിടൈം ബോർഡ് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ നടത്തുന്ന കോഴ്സുകൾ അംഗീകരിക്കുന്നതിനുള്ള കേന്ദ്രത്തിന്റെ ഏജൻസി ആയിരിക്കും. ലൈസൻസിംഗ് അതോറിറ്റി ഇന്ത്യാ ഗവൺമെന്റാണ്. ചെറുകിട തുറമുഖങ്ങളുടെയും മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ പോലുള്ള സ്ഥാപനങ്ങളുടെയും പുരോഗതി ലക്ഷ്യമിട്ടുകൊണ്ടാണ് മാരിടൈം ബോർഡ് ബിൽ പാസ്സാക്കിയിട്ടുള്ളത്. കേരളത്തിലെ മാരിടൈം മേഖലയ്ക്ക് കേന്ദ്ര സഹായങ്ങൾ ലഭ്യമാക്കുന്നതിന് മാരിടൈം ബോർഡിന്റെ രൂപീകരണത്തിന്റെ ആവശ്യകത മാരിടൈം സ്റ്റേറ്റ് ഡെവലപ്മെന്റ് കൗൺസിൽ (MSDC) എടുത്തുപറഞ്ഞിട്ടുണ്ട്. എന്നാൽ 13-11-2014-ൽ മാത്രമേ മാരിടൈം ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളൂ. മാത്രമല്ല, മാരിടൈം ബില്ലിന് പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചിട്ടുമില്ല. അതിനാൽ കൂടുതൽ തുക ആവശ്യമായി വന്നിട്ടില്ല. മാരിടൈം ബോർഡിനുവേണ്ടി പ്രത്യേകം ശീർഷകം 2015-2016-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തുറമുഖ വകുപ്പിന് അനുവദിച്ച 100.49 കോടി രൂപയിൽ നിന്നും ബോർഡിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക കണ്ടെത്താവുന്നതാണ്.

<u>ശിപാർശ 6</u>

സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിലുള്ള ജങ്കാർ സർവ്വീസുകളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും ഫിഷിംഗ് ബോട്ടുകളുടെ ആനുവൽ സർവ്വേ കോമ്പീറ്റന്റ് അതോറിറ്റിയെക്കൊണ്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**31-10-2014-ൽ ലഭിച്ച മറുപടി**

എം. എസ്. ആക്ട്-1958 പ്രകാരമാണ് 20 മീറ്ററിൽ താഴെയുള്ള മത്സ്യബന്ധന യാനങ്ങൾ ഫിഷറീസ് വകുപ്പിൽ നിലവിൽ രജിസ്റ്റർ ചെയ്യുന്നത്. എം. എസ്. ആക്റ്റിൽ മത്സ്യബന്ധന ബോട്ടുകളുടെ ഫിറ്റ്നസ്, കോമ്പീറ്റന്റ് അതോറിറ്റിയെക്കൊണ്ട് സർവ്വേ ചെയ്യിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി സർവ്വേ ചെയ്യുന്നതിനുള്ള കോമ്പീറ്റന്റ് അതോറിറ്റിയെ നിയോഗിച്ചുകൊണ്ടുള്ള ഉത്തരവൊന്നും കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ചിട്ടില്ല. ഫിഷറീസ് വകുപ്പിൽ നിലവിൽ ഫിഷറീസ് ഫോർമാനെ കൊണ്ട് ഭൗതിക പരിശോധന നടത്തിയാണ് ബോട്ടുകൾ രജിസ്റ്റർ ചെയ്ത് ഫിഷിംഗ് ലൈസൻസ് പുതുക്കി നൽകുന്നത്.

## 16-2-2015 -ൽ ലഭിച്ച മറുപടി

Inland Water Ways-ൽ പ്രവർത്തിക്കുന്ന ജങ്കാറികൾ KIV Rule 2010 പ്രകാരം സർവ്വേ നടത്തി കാര്യക്ഷമത ഉറപ്പാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഫിഷിംഗ് ബോട്ടുകളുടെ ആനുവൽ സർവ്വേ കോമ്പീറ്റന്റ് അതോറിറ്റിയെ കൊണ്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച വിശദാംശം 31-10-2014-ലെ 10065/B3/14/മ.ഉ.വ. നമ്പർ കത്ത് പ്രകാരം മത്സ്യബന്ധന (ബി) വകുപ്പിൽനിന്നും നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

### ശിപാർശ 7

മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി അനുയോജ്യമായ നിയമനടപടികൾ സ്വീകരിക്കണമെന്നും രാജ്യങ്ങൾ തമ്മിലുള്ള ഇത്തരം തർക്കങ്ങൾ പരിഹരിക്കുന്നതിനായി മാരിടൈം നിയമങ്ങൾ കൂടുതൽ കർശനമാക്കുന്നതിന് നടപടികൾ കാര്യക്ഷമമാക്കണമെന്നും ഫിഷർമെൻ ഐഡന്റിറ്റി കാർഡ് നിർബന്ധമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

കടലിൽ മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിനായി ഫിഷറീസ് വകുപ്പിന്റെ എഫ്. ആർ. പി. പട്രോൾ ബോട്ട് നീണ്ടകര, ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ചും, നിലവിലുള്ള അഞ്ച് ഫിഷറീസ് സ്റ്റേഷനുകളിൽ (വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ) ഓരോ ബോട്ട് വീതം വാടകയ്ക്ക് എടുത്തും രക്ഷാപ്രവർത്തനം നടത്തുന്നുണ്ട്. കൂടാതെ രക്ഷാ പ്രവർത്തനത്തിനായി ഓരോ ഇൻഫ്ലാറ്റബിൾ ബോട്ട് വീതവും ഫിഷറീസ് സ്റ്റേഷനുകളിൽ ഉപയോഗപ്പെടുത്തുന്നുണ്ട്.

മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ സഹായത്തോടെയും രക്ഷാപ്രവർത്തനം നടത്തിവരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം മറൈൻ എൻഫോഴ്സ്മെന്റിൽ നിലവിലുണ്ട്. പട്രോൾ ബോട്ടുകളും, ഫിഷറീസ് സ്റ്റേഷനുകളുമായി ബന്ധപ്പെടുത്തുന്നതിന് വൺ-ടു-വൺ വയർലെസ് കമ്മ്യൂണിക്കേഷൻ സിസ്റ്റവും, രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോണുകളും നൽകിയിട്ടുണ്ട്. കടൽ രക്ഷാപ്രവർത്തനത്തിന് ഉപയോഗിക്കുന്ന പട്രോൾ ബോട്ടുകളിൽ വിദഗ്ദ്ധ പരിശീലനം ലഭിച്ച കടൽ സുരക്ഷാ സേനാംഗങ്ങളുടെ സേവനവും ഉൾപ്പെടുത്തുന്നു. സെർച്ച് &റസ്ക്യൂ ബീക്കൺ, ലൈഫ് ബോയ് ഉൾപ്പെടെയുള്ള സുരക്ഷാ ഉപകരണങ്ങളും ഫിഷറീസ് സ്റ്റേഷനുകളിൽ വാങ്ങി നൽകിയിട്ടുണ്ട്. വളരെ അടിയന്തര സാഹചര്യങ്ങളിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവയുടെ സേവനവും ലഭ്യമാക്കുന്നു.

മത്സ്യത്തൊഴിലാളികളുടെ സുരക്ഷ മുൻനിർത്തി സുനാമി അടിയന്തര സഹായ പദ്ധതി/സുനാമി പുനരധിവാസ പദ്ധതി/പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി എന്നീ പദ്ധതികൾ പ്രകാരം അടിയന്തര രക്ഷാപ്രവർത്തനത്തിന് സഹായിക്കുന്ന റേഡിയോ ബീക്കൺ (ഉപഗ്രഹ സംവിധാനംവഴി പ്രവർത്തിക്കുന്നത്) ഉൾപ്പെടെയുള്ള സുരക്ഷാ ഉപകരണങ്ങൾ 7262 പരമ്പരാഗത യാനയുടമകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

കേന്ദ്രസർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന 'Safety of Fishermen at Sea' (പദ്ധതി വിഹിതം 8.1 കോടി) എന്ന പദ്ധതി പ്രകാരം ജി. പി. എസ്. എക്കോസൗണ്ടർ, വാർത്താ വിനിമയ ഉപകരണങ്ങൾ, ബീക്കൺ എന്നീ ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള നടപടി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻവഴി ചെയ്തുവരുന്നു. കൂടാതെ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയെ മുൻനിർത്തി ബയോമെട്രിക് തിരിച്ചറിയൽ കാർഡും വിതരണം ചെയ്തുവരുന്നു.

<u>ശിപാർശ 8</u>

വിഴിഞ്ഞം തുറമുഖം എത്രയും പെട്ടെന്ന് യാഥാർത്ഥ്യമാകുന്നതിന് ആഭ്യന്തരം, ഇന്റലിജൻസ്, ധനകാര്യം, പരിസ്ഥിതി, വിദേശകാര്യം തുടങ്ങി വിവിധ കേന്ദ്ര മന്ത്രാലയങ്ങളുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കണമെന്നും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് റെയിൽ റോഡ് കണക്ടിവിറ്റി പോലുള്ള അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന നടപടികൾ ഒരേ സമയം പുരോഗമിക്കുന്ന തരത്തിൽ രൂപകല്പന പൂർത്തിയാക്കണമെന്നും ബന്ധപ്പെട്ട വകുപ്പുകൾ ഏകീകരിച്ച് പ്രവർത്തിക്കണമെന്നും, ബഡ്ജറ്റിൽ അധിക തുക വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും, ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളതും ചെലവാക്കാത്തതുമായ തുക നഷ്ടമാകാതെ പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും കൂടാതെ കേന്ദ്ര സർക്കാരിന്റെ പ്രത്യേക പദ്ധതിപ്രകാരമുള്ള സാമ്പത്തിക സഹായം നേടിയെടുക്കുന്നതിനുള്ള നടപടികൾ പദ്ധതിയുടെ പ്രായോഗികക്ഷമതയും സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തിക ലാഭവും കൃത്യമായി തിട്ടപ്പെടുത്തുന്നതിന് പഠനങ്ങൾ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയ്ക്ക് പാരിസ്ഥിതിക അനുമതി ലഭ്യമായി. തുറമുഖത്തിന്റെ സ്വകാര്യ പങ്കാളിക്കായുള്ള Public Private Partnership (PPP)-യുടെ ആഗോള ടെൻഡറിന്റെ Request for Qualification (RFQ) വിളിച്ചിട്ടുണ്ട്. തുറമുഖത്തിന്റെ നടത്തിപ്പുകാർക്ക്/ഓപ്പറേറ്റർക്ക് ആണ് ആഭ്യന്തരം, വിജിലൻസ്, ധനകാര്യം, വിദേശകാര്യം തുടങ്ങി വിവിധ കേന്ദ്ര മന്ത്രാലയങ്ങളുടെ അനുമതി വേണ്ടത്. സ്വകാര്യ പങ്കാളിയെ കണ്ടെത്തിയതിനുശേഷം അവരാണ് അനുമതിക്കായി കേന്ദ്രമന്ത്രാലയങ്ങളെ

സമീപിക്കേണ്ടത്. പദ്ധതിക്കാവശ്യമായ ജലവിതരണത്തിനുള്ള പണി പൂർത്തിയാക്കി. ഇതിൽനിന്നും 1.5 എം. എൽ. ടി. ജലം തദ്ദേശീയർക്കുംകൂടി ലഭ്യമാക്കിക്കൊണ്ട് സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനത്തിനും തുടക്കം കുറിച്ചു. പദ്ധതിക്കാവശ്യമായ വൈദ്യുതി എത്തിക്കുവാനായി വിഴിഞ്ഞം-ബാലരാമപുരം-കാട്ടാക്കട 220 കെ. വി. ലൈൻ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇത് ഊർജ്ജിതമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി പ്രദേശത്തേക്കുള്ള റെയിൽ നിർമ്മാണം കേന്ദ്ര സർക്കാരിന്റെ റെയിൽ ബഡ്ജറ്റിൽ 'ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി' യായി ചേർത്തിട്ടുണ്ട്. ഇതിന്റെ പഠന റിപ്പോർട്ട് Rail Vikas Nigam Limited (RVNL) പൂർത്തിയാക്കുകയും ഇതിനുവേണ്ടിയുള്ള പാരിസ്ഥിതികാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ച് അംഗീകാരം നേടിയതിനുശേഷം അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്. പദ്ധതി പ്രദേശത്തേക്കുള്ള റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കി. എല്ലാ വർഷത്തേയും സംസ്ഥാന ബഡ്ജറ്റിൽ 250 കോടി രൂപ വീതം പദ്ധതിയ്ക്ക് വകയിരുത്തുന്നതിന് ഉത്തരവാകുകയും 2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി 223.68 കോടി രൂപ പദ്ധതിക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2013-2014 സംസ്ഥാന ബഡ്ജറ്റിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി അടക്കം 10 പദ്ധതികൾക്ക് പശ്ചാത്തല വികസനത്തിനായി ആകെ 846.03 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽനിന്നും 250 കോടി രൂപ പദ്ധതിക്കായി ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതിക്കായി കേന്ദ്ര സർക്കാരിന്റെ അർഹമായ സ്കീമിൽ ഉൾപ്പെടുത്തി സാമ്പത്തികസഹായം നേടിയെടുക്കുന്നതിനുവേണ്ടിയുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ വി. ജി. എഫ്. ലഭിക്കുന്നതിനായി പദ്ധതി പുനർ നിർണ്ണയിച്ചിട്ടുണ്ട്. സമിതിയുടെ ശിപാർശപ്രകാരം പദ്ധതി മുഖാന്തരം സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തിക നേട്ടങ്ങൾ തിട്ടപ്പെടുത്തുന്നതിന് വേണ്ടിയുള്ള എക്കണോമിക് റേറ്റ് ഓഫ് റിട്ടേൺ (ഇ. ആർ. ആർ)-ന്റെ പഠനം പൂർത്തിയാക്കിയിട്ടുണ്ട്.

ശിപാർശ 9

തുറമുഖ നിർമ്മാണത്തിനായി കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസവും അവർക്ക് അർഹമായ നഷ്ടപരിഹാരവും യഥാസമയം ലഭ്യമാക്കുന്നു എന്നുറപ്പുവരുത്തുന്നതിന് വകുപ്പ് വ്യക്തമായ നടപടിക്രമങ്ങൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പുനരധിവാസ പ്രക്രിയകൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ആവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്നും തുറമുഖ നിർമ്മാണ സമയത്തും തുടർന്നും തദ്ദേശീയരായ ഒരു നല്ല ശതമാനം ജനങ്ങൾക്ക് തൊഴിൽ ലഭ്യമാകുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തുറമുഖ വികസനവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കൽ, പുനരധിവാസം എന്നിവ റവന്യൂ വകുപ്പ് മുഖാന്തരമാണ് നിർവ്വഹിക്കുന്നത്. റവന്യൂവകുപ്പിൽ നിലവിലുള്ള നിയമങ്ങളും സംവിധാനങ്ങളുമുപയോഗിച്ചാണ് കുടിയൊഴിപ്പിക്കൽ പുനരധിവാസം എന്നിവ നടപ്പിലാക്കുന്നത്. സാങ്കേതിക വൈദഗ്ദ്ധ്യം ഏറെ ആവശ്യമുള്ള തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾ സർക്കാർ അംഗീകൃത ഏജൻസികൾ മുഖേനയാണ് നിർവ്വഹിക്കുന്നത്. തദ്ദേശീയർക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് പുനരധിവാസ പാക്കേജ് സംബന്ധിച്ച് ഉത്തരവ് റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ശിപാർശ 10</u>

നിർമ്മാണ പ്രവർത്തനങ്ങൾക്കായി കടൽ നികത്തുമ്പോൾ പ്രകൃതിക്കും മത്സ്യസമ്പത്തിനും പരിസ്ഥിതിക്കും ആഘാതം ഉണ്ടാകുന്നത് പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഇതിനായിവേണ്ടി വരുന്ന ഗവേഷണ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തണമെന്നും സംസ്ഥാനത്തിൽ മാത്രമല്ല രാജ്യത്തിന്റെയും പുരോഗതിക്ക് മുതൽക്കൂട്ടായ പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ ബാങ്ക് ലോൺ കുറഞ്ഞ പലിശയിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും സുനാമിപോലുള്ള പ്രകൃതി ദുരന്തങ്ങളിൽനിന്നും ആഘാതങ്ങളിൽനിന്നും പോർട്ടിനെ മുക്തമാക്കുന്ന രീതിയിൽ അത്യാധുനിക സംവിധാനങ്ങൾ കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

എല്ലാ തുറമുഖ വികസന പ്രവർത്തനങ്ങളും പരിസ്ഥിതി ആഘാത പഠനം നടത്തിയതിനുശേഷമാണ് നടപ്പിലാക്കുന്നത്. കടൽ നികത്തൽ തുടങ്ങിയവ നടത്തുമ്പോഴുംപരിസ്ഥിതി ആഘാത പഠനം ഉൾപ്പെടെയുള്ളവ ഉറപ്പുവരുത്തുന്നുണ്ട്.പ്രകൃതി ദുരന്തങ്ങളിൽനിന്നും തുറമുഖത്തെ മുക്തമാക്കുന്ന സംവിധാനങ്ങൾ പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഭാവിയിൽ നടപ്പാക്കുന്നതാണ്.

<u>ശിപാർശ 11</u>

തീവ്രവാദി ആക്രമണങ്ങളിൽനിന്നും മറ്റും സുരക്ഷ നേടുന്നതിന് പരിശീലനം സിദ്ധിച്ച വിദഗ്ദ്ധൻ ഉൾപ്പെടുന്ന തീരസംരക്ഷണ സേനയുടെ സേവനവും കടലോര ജാഗ്രതാ സമിതികളുടെ സേവനവും എല്ലാ സമയവും ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

തീരദേശ സംരക്ഷണാർത്ഥം ഒന്നാം ഘട്ടത്തിൽ 8 കോസ്റ്റൽ പോലീസ് സ്റ്റേഷനുകളും രണ്ടാം ഘട്ടത്തിൽ 10 കോസ്റ്റൽ പോലീസ് സ്റ്റേഷനുകളും ഭാരത സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ ഒന്നാംഘട്ടത്തിലെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. രണ്ടാംഘട്ടത്തിലെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

കൂടാതെ തീരദേശസംരക്ഷണം ഉറപ്പാക്കുന്നതിനായും ശക്തിപ്പെടുത്തുന്നതിനായും തീരമേഖലയിലെ 76 പോലീസ് സ്റ്റേഷനുകളിലും ജാഗ്രതാ സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ മുളവുകാട് പോലീസ് സ്റ്റേഷൻ പരിധിയിൽ കായലോര ജാഗ്രതാസമിതി രൂപീകരിക്കുന്നതിന് 23-1-2014-ലെ സ. ഉ. (കയ്യെഴുത്ത്) നമ്പർ 14/2014 ആഭ്യന്തരം പ്രകാരം അനുമതിയും നൽകിയിട്ടുണ്ട്. 4-3-2009-ലെ സ.ഉ.(അച്ചടി) നമ്പർ 31/09/ ആഭ്യന്തരം പ്രകാരം കടലോര ജാഗ്രതാ സമിതിയുടെ രൂപീകരണവും പ്രവർത്തനവും സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം സംശയകരമായ രീതിയിലുള്ള വ്യക്തികളെയും യാനങ്ങളെയും സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ ജാഗ്രതാസമിതി പ്രവർത്തകർ അറിയിക്കേണ്ടതാണെന്നും തീരദേശ പ്രവർത്തനങ്ങളെക്കുറിച്ച് അവർ നിതാന്ത ജാഗ്രതപുലർത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

കൂടാതെ IR ബറ്റാലിയന്റെ മാതൃകയിൽ പ്രത്യേക കോസ്റ്റൽ റിസർവ് ബറ്റാലിയൻ രൂപീകരിക്കുന്ന കാര്യം പരിശോധിച്ച് വരുന്നുണ്ട്.

## ശിപാർശ 12

തുറമുഖ നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെടുന്ന സ്ഥാപനങ്ങളുടെ കഴിഞ്ഞ 10 വർഷത്തെ സാമ്പത്തിക നിലവാരവും നിർമ്മാണ പ്രാഗത്ഭ്യവും പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിക്കണമെന്നും ഭാവിയിൽ പ്രവർത്തനം കൂടുതൽ വ്യാപകമാകുന്നത് മുന്നിൽ കണ്ടുകൊണ്ട് വലിയ കപ്പലുകൾക്കും മറ്റും പരമാവധി കയറ്റിയിറക്ക സൗകര്യം ലഭ്യമാകത്തക്ക വിധത്തിലും പ്രദേശത്തിന്റെ വിനോദ സഞ്ചാര സാധ്യത പരമാവധി പ്രയോജനപ്പെടുത്തി സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ സ്വാധീനം ചെലുത്തുന്ന തരത്തിൽ വിഴിഞ്ഞം തുറമുഖം രൂപകല്പന ചെയ്യണമെന്നും ഡ്രഡ്ജിംഗ് പോലുള്ള തുടർ നടപടികൾക്കുള്ള ചെലവ് നിർമ്മാണ കമ്പനി തന്നെ ഏറ്റെടുക്കുന്ന രീതിയിൽ നടപടികൾ/കരാറുകൾ രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പദ്ധതിയ്ക്ക് ആവശ്യമായ ഡ്രെഡ്ജിംഗ് റിക്ലമേഷൻ, ബെർത്ത്, സൂപ്പർ സ്ട്രക്ചർ ആന്റ് എക്വിപ്മെന്റ്, തുറമുഖ നടത്തിപ്പ് എന്നിവയ്ക്കായുള്ള സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനുള്ള Public Private Partnership (PPP) യും കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് ഒരു ആഗോളടെൻഡറിലൂടെ സാമ്പത്തിക നിലവാരവും നിർമ്മാണ പ്രാഗ്ത്ഭ്യവും തെളിയിക്കുന്ന നിശ്ചിത യോഗ്യത മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ് നടത്തിവരുന്നത്. ഇതിനായുള്ള ആഗോള ടെണ്ടറുകളുടെ Request for Qualification (RFQ) 2013 ഡിസംബർ 4-ാം തീയതിയിൽ വിളിച്ചിട്ടുണ്ട്. ലോകത്ത് ഇപ്പോൾ നിലവിലുള്ള ഏറ്റവും വലിയ 18000 Twenty Foot Equivalent Unit (TEU) വെസ്സൽ കണ്ടെയ്നർ ശേഷിയുള്ള കപ്പലുകൾ അടുപ്പിക്കാൻ ഉതകുന്ന സൗകര്യങ്ങളോടുകൂടിയും വിനോദ സഞ്ചാര സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി ക്രൂയിസ് ടെർമിനലോടുകൂടിയാണ് പദ്ധതിയുടെ രൂപകല്പന തയ്യാറാക്കിയിട്ടുള്ളത്. ഭാവിയിൽ വികസിക്കപ്പെടുന്ന കൂടുതൽ ശേഷിയുള്ള കപ്പലുകൾക്കുപോലും തുറമുഖത്തടുക്കത്തക്ക വിധമാണ് രൂപകല്പന.

<u>ശിപാർശ 13</u>

കൊച്ചി കായലിൽ, കൊച്ചി പോർട്ട് ട്രസ്റ്റിന്റെ ടഗ്ഗുകൾ നാവിക സേനയുടെ സ്പീഡ് ബോട്ടുകൾ, സ്വകാര്യ ബോട്ടുകൾ എന്നിവ ജലഗതാഗത ബോട്ടുകൾക്ക് ഭീഷണിയാണ്. ആയതിനാൽ നിയമങ്ങൾ പാലിച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കൊച്ചി കായലിൽ പോർട്ട് ട്രസ്റ്റിന്റെ ബോട്ടും ജലഗതാഗത ബോട്ടുകളും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഇതിൽ ജലഗതാഗത ബോട്ടുകൾക്ക് കൃത്യമായ ടൈം ഷെഡ്യൂൾ ഉണ്ട്. ആയതിനാൽ ബോട്ടുകൾ cross ചെയ്യുമ്പോൾ ജലഗതാഗത ബോട്ടുകൾക്ക് മുൻഗണന നൽകണം എന്ന വ്യവസ്ഥ നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശിപാർശ 14</u>

സംസ്ഥാനത്തെ ടൂറിസം വികസനത്തിന് വളരെയധികം സാദ്ധ്യതകൾ തുറക്കുന്ന ആലപ്പുഴ മറീന തുറമുഖ പദ്ധതിയുടെ നിർമ്മാണം സമയബന്ധിതമായി നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തെ ടൂറിസം വികസനത്തിന് വളരെയധികം സാദ്ധ്യതകൾ തുറക്കുന്ന ആലപ്പുഴ മറീന തുറമുഖ പദ്ധതിയുടെ നിർമ്മാണത്തിനായി കൺസൽട്ടന്റിനെ നിയമിക്കുകയും Detailed Project Report, Request For Proposal, Draft Concession Agreement എന്നിവ തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ പദ്ധതിയുടെ നിർമ്മാണത്തിനായി പരിസ്ഥിതി ആഘാത പഠനം കിറ്റ്കോ നടത്തിവരുന്നു. ആലപ്പുഴ മറീന തുറമുഖ പദ്ധതിയുടെ Detailed Project Report-ന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഫണ്ട് ആവശ്യമായി വരികയുള്ളൂ.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

ആലപ്പുഴ മറീന തുറമുഖപദ്ധതി നിർമ്മാണവുമായി ബന്ധപ്പെട്ട് കിറ്റ്കോയുടെ ആഭിമുഖ്യത്തിൽ നടത്തിയ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് ലഭ്യമാക്കണമെന്നും പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ തുക വകയിരുത്തിയിട്ടില്ലാത്ത പക്ഷം ധനാഭ്യർത്ഥനകളുടെ ചർച്ചാവേളയിൽ ടൂറിസം വികസനത്തിന്റെ ഭാഗമായി പ്രത്യേക ഫണ്ട് വകയിരുത്തണമെന്നും സമിതി ആവശ്യപ്പെട്ടു.

## സമിതി ആവശ്യപ്പെട്ട അധിക വിവരത്തിനുള്ള മറുപടി

ആലപ്പുഴ തുറമുഖത്ത് ബ്രേക്ക് വാട്ടർ ട്രിസിൽ, പാസഞ്ചർ ടെർമിനൽ എന്നിവയുടെ നിർമ്മാണത്തിനായി 40.71 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആലപ്പുഴ മറീനയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് Detailed Project Report തയ്യാറാക്കിയ കിറ്റ്കോ തന്നെയാണ് പാരിസ്ഥിതികാഘാത പഠനവും നടത്തുന്നത്. പ്രസ്തുത പഠനം പൂർത്തിയായി; പ്രസ്തുത പഠനത്തോടനുബന്ധിച്ച് പബ്ലിക് ഹിയറിങ് നടത്തുന്നതിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് പബ്ലിക് ഹിയറിംഗിന്റെ ഫീസായി 5 ലക്ഷം രൂപ തുറമുഖ വകുപ്പ് നൽകിയിട്ടുണ്ട്. പബ്ലിക് ഹിയറിംഗ് കഴിഞ്ഞതിനുശേഷമേ ഇ. ഐ. എ. (Environmental Impact Assessment) ക്ലിയറൻസ് ലഭിക്കുകയുള്ളൂ.

ഈ നടപടികൾ പൂർത്തിയാകാത്തതിനാൽ, 2017-18 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ തുറമുഖ വികസനത്തിനായി പ്രത്യേക വകയിരുത്തൽ നടത്തിയിട്ടില്ല. തുറമുഖങ്ങളുടെ വികസനം എന്ന ശീർഷകത്തിലാണ് ഈ നടപടികൾക്കുള്ള വിഹിതം അനുവദിച്ചിരിക്കുന്നത്. 2016-17-ലെ പുതുക്കിയ ബജറ്റിൽ 50 കോടി രൂപ ചെലവിൽ ആലപ്പുഴ മറീനയുടെ നിർമ്മാണം സർക്കാരിന്റെ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയിൽ ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇ. ഐ. എ. (Environmental Impact Assessment) ക്ലിയറൻസ് ലഭിച്ചതിനുശേഷം മാത്രമേ ആലപ്പുഴ തുറമുഖം

മറീനയായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ തുടങ്ങുവാൻ കഴിയുകയുള്ളു. അതിന്റെ ഭാഗമായി പുതുക്കിയ ഡി. പി. ആർ. തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിനായി 40 ലക്ഷം രൂപ തുറമുഖ വകുപ്പ് നൽകിയിട്ടുണ്ട്.

## തുറമുഖ വകുപ്പിന്റെ പരിഗണനയിലുള്ള പ്രധാന വികസന പദ്ധതികൾ സംബന്ധിച്ച് സമിതിയുടെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

<u>ശിപാർശ (ഖണ്ഡിക നമ്പർ 17)</u>

**തുറമുഖ വകുപ്പിന്റെ പ്രധാന പ്രോജക്ടായ തീരദേശ കപ്പൽ ഗതാഗതം സംബന്ധിച്ച് പഠനം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കേന്ദ്ര സർക്കാർ നിയോഗിച്ച ശ്രീ. സാം പിത്രോദയുടെ നേതൃത്വത്തിലുള്ള ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിൽ നിർദ്ദേശിച്ച പ്രകാരം അഴീക്കൽ, ബേപ്പൂർ, കൊടുങ്ങല്ലൂർ, മുനമ്പം, കൊല്ലം, ആലപ്പുഴ, വിഴിഞ്ഞം എന്നീ തുറമുഖങ്ങളെ ഉൾപ്പെടുത്തിയുള്ള ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പദ്ധതി ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**കമ്മിറ്റി റിപ്പോർട്ടിൽ നിർദ്ദേശിച്ച പ്രകാരം അഴീക്കൽ, ബേപ്പൂർ, കൊടുങ്ങല്ലൂർ (മുനമ്പം), കൊല്ലം, ആലപ്പുഴ, വിഴിഞ്ഞം എന്നീ തുറമുഖങ്ങളെ ഉൾപ്പെടുത്തിയുള്ള ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പദ്ധതിയുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു:**

<u>അഴീക്കൽ</u>

തീരദേശ ചരക്ക് ഗതാഗതപദ്ധതിയുടെ ഭാഗമായി തെക്കൻ കേരളത്തെ ബന്ധിപ്പിക്കുന്ന ഒരു തുറമുഖമായി അഴീക്കലിനെ വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. 37,227 മീറ്റർ വീതം നീളമുള്ള രണ്ട് വാർഫുകൾ അഴീക്കൽ തുറമുഖത്തുണ്ട്. 3.5 മീറ്റർ ആഴമുള്ള ബേസിൻ, 5 ടൺ ശേഷിയുള്ള ക്രെയിൻ എന്നിവ തുറമുഖത്തുണ്ട്. കണ്ടെയ്നർ ക്രെയിൻ വാടകയ്ക്ക് എടുക്കാനുള്ള ടെണ്ടർ 20-8-2014-ന് തുറന്നു. പ്രസ്തുത ടെണ്ടറിന്റെ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. റീച്ച് സ്റ്റാക്കർ ലഭ്യമാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. നബാർഡ് സഹായത്തോടെ ഗോഡൗൺ നിർമ്മിക്കുന്നതിനായി സ്ഥലം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനായി ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ബേപ്പൂർ</u>

314 മീറ്റർ നീളമുള്ള വാർഫും 4 മീറ്റർ ആഴമുള്ള ചാനൽ ബേസിനും ബേപ്പൂർ തുറമുഖത്തുണ്ട്. 10 ടൺ ശേഷിയുള്ള രണ്ട് ക്രെയിൻ, 5 ടൺ ശേഷിയുള്ള ഒരു ക്രെയിൻ, 3 ടൺ ശേഷിയുള്ള നാല് ക്രെയിൻ എന്നിവ തുറമുഖത്തുണ്ട്. കണ്ടെയ്നർ ക്രെയിൻ, സ്റ്റാക്കർ എന്നിവ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പ്രാരംഭ ദിശയിലാണ്. രണ്ട് ടഗ്ഗുകളും തുറമുഖത്ത് ലഭ്യമാണ്.

കൊടുങ്ങല്ലൂർ (മുനമ്പം)

വാർഫ്, സ്റ്റാക്ക് യാർഡ് എന്നിവ ലഭ്യമാണ്. 40 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കായുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. നബാർഡ് സഹായത്തോടെയുള്ള ഗോഡൗൺ നിർമ്മാണം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തുറമുഖ ഭൂമി വകുപ്പിന്റെ പേരിൽ ആക്കിയതിനുശേഷമേ തുടർ നടപടി സ്വീകരിക്കാൻ നിർവ്വാഹമുള്ളൂ. മെക്കാനിക്കൽ ഡ്രെഡ്ജിംഗ് നടത്തുന്നതിന് 5-3-2014-ന് കേരളാ സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷന് വർക്ക് ഓർഡർ നൽകി. 4 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

കൊല്ലം

187 മീറ്റർ നീളമുള്ള വാർഫും 7.5 മീറ്റർ ആഴമുള്ള ചാനൽ ബേസിനും തുറമുഖത്തുണ്ട്. 5 ടൺ ശേഷിയുള്ള ക്രെയിൻ, കണ്ടെയ്നർ ക്രെയിൻ, ഫോർക്ക് ലിഫ്റ്റ്, കണ്ടെയ്നർ സ്റ്റാക്കർ, ടഗ്ഗ്, സ്റ്റാക്ക് യാർഡ്, ഗോഡൗണുകൾ എന്നിവ തുറമുഖത്തുണ്ട്.

ആലപ്പുഴ

മറീന ബീച്ച് സൈഡ് വികസന പാസഞ്ചർ ടെർമിനൽ എന്നിവയ്ക്കുള്ള Request For Proposal സർക്കാരിന്റെ പരിഗണനയിലാണ്.

വിഴിഞ്ഞം

160 മീറ്റർ നീളമുള്ള വാർഫും 5 മീറ്റർ ആഴമുള്ള ചാനൽ ബേസിൻ, 5 ടൺ ശേഷിയുള്ള ക്രെയിൻ എന്നിവ തുറമുഖത്തുണ്ട്. കണ്ടെയ്നർ ക്രെയിൻ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ അംഗീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്. കണ്ടെയ്നർ സ്റ്റാക്കർ വാങ്ങുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

ഖണ്ഡിക 18

കൂടാതെ ടി പദ്ധതിയുടെ ഇൻസ്റ്റിറ്റ്യൂഷൻ അറേഞ്ച്മെന്റിനായി ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുള്ള കേരളാ സ്റ്റേറ്റ് മാരിടൈം ബോർഡ് എത്രയും വേഗം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കേരളാ സ്റ്റേറ്റ് മാരിടൈം ബോർഡ് ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

## ഖണ്ഡിക 19

കേരളത്തിൽ ഇന്ന് ഹൗസ്ബോട്ട് ടൂറിസം വളരെയധികം പുരോഗതി പ്രാപിച്ചിരിക്കുന്നു. തദ്ദേശീയരും വിദേശീയരുമായ ആയിരക്കണക്കിനു ടൂറിസ്റ്റുകൾ ദിനം പ്രതി ഹൗസ് ബോട്ടുകൾ കാണുന്നതിനും കായൽ സവാരിക്കുമായി എത്തുന്നുണ്ട്. ഇന്ന് ആയിരക്കണക്കിന് തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്യുന്നു. ആയതിനാൽ ഹൗസ് ബോട്ടുകളുടെ ലൈസൻസിംഗും സുരക്ഷയും വളരെയധികം പ്രാധാന്യമർഹിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ഹൗസ് ബോട്ടുകളുടെ ലൈസൻസിംഗും സുരക്ഷയും പ്രാധാന്യമർഹിക്കുന്നതിനാൽ എല്ലാ ഹൗസ് ബോട്ടുകൾക്കും കേരള ഉൾനാടൻ ജലഗതാഗത നിയമ പ്രകാരംലൈസൻസ് നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ സർവ്വേയർമാരുടെ കുറവ് കാരണം എല്ലാ ബോട്ടുകളും ഈ നിയമത്തിൻ കീഴിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ല. ബോട്ടുകളുടെ സുരക്ഷ മുൻനിർത്തി രണ്ട് ഫയർ ഫൈറ്റിംഗ് ബോട്ടുകൾ വാങ്ങുന്നതിന് 140 ലക്ഷം രൂപയും, വാട്ടർ ആംബുലൻസ് വാങ്ങുന്നതിന് 70 ലക്ഷം രൂപയും, Public Private Partnership മോഡലിൽ ഒരു ബോട്ട് റിപ്പയർ യാർഡ് തുടങ്ങുന്നതിന് 20 ലക്ഷം രൂപയും, ആലപ്പുഴയിൽ ബോട്ട് ജട്ടികളുടെ റിപ്പയറുകൾക്ക് വേണ്ടി 68 ലക്ഷം രൂപയും, 5 സ്പീഡ് ബോട്ടുകളും 4 ഡിങ്കികളും വാങ്ങുന്നതിന് 80 ലക്ഷം രൂപയുടെയും, കുമരകത്ത് ഒരു ഡ്രൈഡോക്ക് സ്ഥാപിക്കുന്നതിന് 4.49 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

## ഖണ്ഡിക 20

വേമ്പനാട് കായലിൽ മാത്രം ഏകദേശം ആയിരം ഇൻലാന്റ് വെസ്സലുകളും 500 ഹൗസ് ബോട്ടുകളും ഉള്ളതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ബോട്ടുകളിൽ നിന്നുള്ള വേസ്റ്റ് കായലിൽ ഒഴുക്കുന്നത് ഗുരുതരമായ ജലമലിനീകരണത്തിന് കാരണമാകുമെന്നതിനാൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ അടിയന്തരമായി സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ഹൗസ് ബോട്ടുകളിൽ ബയോ ടാങ്കുകൾ ഫിറ്റ് ചെയ്യുന്നതിന് 5 ലക്ഷം രൂപയും ആലപ്പുഴയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 92 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

## ഖണ്ഡിക 21

എല്ലാ ഹൗസ് ബോട്ടുകൾക്കും ഇൻലാന്റ് വെസ്സലുകൾക്കും ലൈസൻസ് നിർബന്ധമാക്കുന്നതിനും നിലവിൽ ലൈസൻസ് ഇല്ലാത്തവർക്ക് ലൈസൻസ് എടുക്കുന്നതിന് (മതിയായ സമയം ലഭ്യമാക്കി) നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

എല്ലാ ഹൗസ് ബോട്ടുകൾക്കും ഇൻലാന്റ് വെസ്സലുകൾക്കും ലൈസൻസ് നിർബന്ധമാക്കുന്നതിനും നിലവിൽ ലൈസൻസ് ഇല്ലാത്തവർക്കും ലൈസൻസ് എടുക്കുന്നതിന് മതിയായ സമയം ലഭ്യമാക്കി നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

ഖണ്ഡിക 22

വർദ്ധിച്ചുവരുന്ന അപകടങ്ങൾ കണക്കിലെടുത്ത് ഹൗസ് ബോട്ടുകളുടെ സുരക്ഷാ മാനദണ്ഡങ്ങൾ പുനർനിർണ്ണയിക്കണമെന്നും ഹൗസ് ബോട്ടുകളുടെ ആധിക്യം കണക്കിലെടുത്ത് വേമ്പനാട് കായലിൽ മാർക്കറ്റിംഗ് ബേ സ്ഥാപിക്കാനുള്ള പദ്ധതി സംബന്ധിച്ച തുടർനടപടികൾ ത്വരിതപ്പെടുത്തി ആയത് എത്രയുംവേഗം പൂർത്തിയാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഹൗസ് ബോട്ടുകളുടെ ആധിക്യം കണക്കിലെടുത്ത് വേമ്പനാട് കായലിൽ മാർക്കറ്റിംഗ്ബേ സ്ഥാപിച്ചിട്ടുണ്ട്.

എസ്. ശർമ്മ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
22 ആഗസ്റ്റ്, 2017.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.